തീവണ്ടിമുറിയിൽ പ്രവർത്തിച്ചിരുന്ന റ്റോമോ സ്കൂൾ
രണ്ടാംലോക മഹായുദ്ധത്തിലെ ബോംബാക്രമണത്തിലാണ് കത്തിയെരിഞ്ഞുപോയത്.
എന്നാൽ ഒരു ബോംബിനും നശിപ്പിക്കാനാകാത്ത അനശ്വരതയുമായി
ടോട്ടോചാൻ ലോകമെങ്ങും വായിക്കപ്പെടുകയാണ്.
പുസ്തകത്തെക്കുറിച്ച് ഈ ലക്കത്തിന്റെ ഏകോപകനായ

**സി. രാജഗോപാലൻ**

# തീവണ്ടി വിദ്യാലയത്തിലൂടെ ഒരു സ്വപ്നസഞ്ചാരം

സംഗ്രഹിച്ചെഴുതാവുന്ന ഒരു കഥാപുസ്തകമല്ല ടോട്ടോചാൻ. കാഴ്ചക്കാരിൽ കൗതുകം നിറയ്ക്കാനായി, കൃത്രിമമായി ചെറുതാക്കി ബാലസാഹിത്യത്തിന്റെ പൂച്ചട്ടിയിൽ യഥേഷ്ടം നട്ടുവെച്ച ഒരു 'ബോൺസായ്' ഉല്പന്നവുമല്ലത്. ടോട്ടോചാൻ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്ത അൻവർ അലി തന്റെ സംഭാഷണത്തിൽ സൂചിപ്പിക്കുന്നുണ്ട്, "ബാല്യമാണ് ജീവിതത്തിലെ ഏറ്റവും ദൈർഘ്യമേറിയ കാലം; തെളിച്ച മാർന്നത്. പിന്നെയുള്ളതെല്ലാം അതിന്റെ നീണ്ടുനീണ്ടുപോകുന്ന നിഴലുകളാണ്."

ജീവിതമെന്നത് ധൃതിയിൽ ചുരുക്കിപ്പറയുന്ന ഒരു കഥയല്ല, മറിച്ച് നിമിഷ സഞ്ചാരങ്ങളുടെ അപരിമേയമായ സത്യ സൗന്ദര്യഗതിയാണ് എന്ന് ഓരോരുത്തർക്കും അനുഭവപ്പെടുത്തിക്കൊടുക്കുന്ന കാലമാണ് ശൈശവ ബാല്യങ്ങൾ 'വളരു'ന്നതോടെ മനുഷ്യന് നഷ്ടമാവുന്ന ആ ദർശന സുഷമകളെ ഓർമ്മയിൽ അനുഭവപ്പെടുത്തിക്കൊടുക്കുന്നു എന്നതിനാലാണ് കുട്ടിക്കാലം സകലർക്കും ഒരുപോലെ പ്രിയപ്പെട്ടതാകുന്നത്. ശൈശവ ബാല്യങ്ങളുടെ നിഷ്കളങ്ക സുന്ദരമായ ആ ശലഭ സഞ്ചാരഗതികളെ എത്ര നിഷ്ഠൂരമായിട്ടാണ് വ്യവസ്ഥാപിത വിദ്യാഭ്യാസം അസ്തമിപ്പിക്കുന്നത് എന്നാലോചിക്കുമ്പോഴാണ് റ്റോമോ സ്കൂളിനെ എരിച്ചുകളഞ്ഞ ആറ്റംബോംബിനേക്കാൾ മാരകത്വം അതിനുണ്ട് എന്ന് നാം തിരിച്ചറിയുന്നത്. കൊബായാഷി മാഷിന്റെ ഇത്തരം ഒരു തിരിച്ചറിവിൽ നിന്നുതന്നെയാകണം റ്റോമോ സ്കൂൾ മുളപൊട്ടിയത്. 1937ൽ ആരംഭിച്ച റ്റോമോ സ്കൂളിനെ 1945ൽ അമേരിക്കയുടെ യുദ്ധബോംബ് അക്ഷരാർത്ഥത്തിൽ ചുട്ടെരിച്ചു. വെറും എട്ടുവർഷം മാത്രം നിലനിന്ന ഒരു സ്വപ്ന വിദ്യാലയം. എന്നാലത് ലോകമെമ്പാടുമുള്ള കുഞ്ഞുങ്ങളുടെ, എക്കാലത്തേയും പഠനക്കണ്ണീരിലേക്ക് വിരിഞ്ഞിറങ്ങിയ ഒരു മാരിവില്ലായി സ്വയം മാറി. കുഞ്ഞുങ്ങളെ ഇഷ്ടപ്പെടുന്ന നിയതിയുടെ കാരുണ്യം കൊണ്ട് ഒരിയ്ക്കലും മായാത്ത മഴവില്ല്. അതുകൊണ്ടുതന്നെയാവാം, ഏതോ അജ്ഞാത നിയോഗമെന്നോണം, തീപ്പെട്ട മരത്തിൽ നിന്നും പൊട്ടിത്തെറിച്ച് മണ്ണിൽ വീണ കരുത്തുറ്റ ഒരു വിത്തുപോലെ, തെത്സുകോ കുറോയാനഗിയുടെ നാരായത്തുമ്പിലൂടെ, ഇനിയൊരു ബോംബിനും എരിച്ചുകളയാനാവാത്ത അനശ്വരതയോടെ കൊബായാഷി മാഷിന്റെ തീവണ്ടി വിദ്യാലയം പുസ്തകമായി പുനർജ്ജനിച്ചത്.

സ്വന്തം മുതുകിലെ വിദ്യാലയഭാരം ഇറക്കിവെച്ച്, കണ്ണീർ തുടച്ചുകളഞ്ഞ്, സ്വയം ഒരു ടോട്ടോചാനായി കുട്ടികൾക്കും, ഒപ്പം മുതിർന്നവർക്കും എക്കാലവും സ്വപ്നസഞ്ചാരം ചെയ്യാനായി, ഒരു യുദ്ധത്തിനും നശിപ്പിക്കാത്ത ഒരു തീവണ്ടി വിദ്യാലയം – അതാണ് കൊബായാഷി മാഷിലൂടെ തെത്സുകോ കുറോയാനഗിയിലൂടെ ലോകത്തിന് ലഭിച്ച ഈ പുസ്തകം. കൃത്യം രണ്ടാം ലോകമഹായുദ്ധകാലത്താണ് റ്റോമോ വിദ്യാലയം നിലനിന്നത്. ഭൗതികതലത്തിൽ ആ വിദ്യാലയം യുദ്ധത്തിൽ എരിഞ്ഞുപ്പോയെങ്കിലും പകരമെന്ത്, യുദ്ധത്തെ അതിജീവിയ്ക്കുന്നതെന്ത് എന്നതിനുള്ള ഉത്തരം കൂടിയാകുന്നുണ്ട് 'ടോട്ടോചാൻ' എന്ന പുസ്തകം. ഇന്ന് ലോകമെമ്പാടുമുള്ള, ടോട്ടോചാൻ വായിച്ച കുഞ്ഞുങ്ങളുടെ സ്വപ്നമാണ് റ്റോമോ പോലെയുള്ള ഒരു സ്കൂൾ. കുഞ്ഞുങ്ങളുടെ മനസ്സറിയുന്ന മുതിർന്നവരുടെ പ്രാർത്ഥനയുമാണത്. ഏതോ അജ്ഞാതമായ അനുഗ്രഹത്തിന്റെ കാറ്റിൽ, എവിടെയൊക്കെയോ വീണ് ആ സ്വപ്നങ്ങൾ ഒരു നാൾ മുളയ്ക്കും.